(സി) എത്ര കാലത്തേക്കാണ് നിയമിച്ചത്;
(ഡി) അദ്ദേഹം രാജികൊടുത്തുവോ; സ്വീകരിച്ചുവോ;
(ഇ) എന്ത കാരണത്തിന്മേലാണ് അദ്ദേഹം രാജി കൊടുത്തത്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. നന്ദൻമേനോനെ തിരുവിതാംകൂർ സർവ്വകലാശാലാ വൈസ് ചാൻസലറായിട്ടാണ് നിയമിച്ചത്.
(ബി) ന— ക— ക്ഷ ൻ കി ാ.
(സി) അഞ്ചു കൊല്ലത്തേക്കാണ് നിയമിച്ചത്.
(സി) രാജികൊടുത്തു. രാജി സ്വീകരിക്കയും ചെയ്തു.
(ഇ) ഗവൺമെണ്ടിനെ അറിയിച്ചിട്ടില്ല.

ആണററി വിസിറേറഴ്സ്

*ന. ര൫. (ന. ന) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ആയുർവ്വേദ വൈദ്യശാലകളിലേക്ക ആണററി വിസിറേറഴ്സിനെ ഐകൃസംസ്ഥാനത്തു നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും അത്തരം ആണററി വിസിറേറഴ്സിന്റെ അഭിപ്രായത്തെ ഗവൺമെണ്ടു് സ്വീകരിക്കുകയോ പ്രവർത്തിപദ്ധതിയിൽ വരുത്തുകയോ ചെയ്തിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) വൈദ്യശാലകളിൽ ആണററി വിസിറേറഴ്സിനെ നിയമിച്ചിട്ടില്ല. എന്നാൽ കൊച്ചി വിഭാഗത്തിലുള്ള ഗവൺമെണ്ടു് ആയുർവ്വേദാശുപത്രികളിൽ ആണററി വിസിറേറഴ്സിനെ നിയമിച്ചിട്ടുണ്ടു്.

(ബി) അവരുടെ നിർദ്ദേശങ്ങളെ ആവുംവിധം നടപ്പിൽ വരുത്തുന്നതിനു ശ്രമിച്ചിട്ടുണ്ടു്.

പെൻഷൻ

*ന. ര൯. (ന. ര) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടു് സർവ്വീസിൽനിന്നും പെൻഷൻ പറ്റിയാൽ ആയതു് അനുവദിക്കുന്നതിനു എത്ര കാലതാമസം വരുന്നുണ്ടെന്നു ഗവൺമെണ്ടു് അന്വേഷിക്കാറുണ്ടോ;

(ബി) ഇതു സംബന്ധിച്ചു സെൻട്രൽ ഗവൺമെണ്ടിൽനിന്നും വല്ല നിർദ്ദേശവും നമ്മുടെ ഗവൺമെണ്ടിനു നൽകിയിട്ടുണ്ടോ;

(സി) അതിന്റെ തത്വം ഗവൺമെണ്ടു് സ്വീകരിച്ചുവരുന്നുണ്ടോ?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പു് മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്. അനാവശ്യമായ കാലതാമസം നേരിടുന്നുണ്ടെന്നു ബോദ്ധ്യമായാൽ അതു പരിഹരിക്കുന്നതിനു വേണ്ട നടപടികളും ഗവൺമെണ്ടിൽനിന്നും കൈക്കൊള്ളാറുണ്ടു്.

(ബി) ഇല്ല.

(സി) ബി.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly